പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ : 463**

**18.11.2019 ൽ**
**മറുപടിക്ക്**

## ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. സി.കെ ഹരീന്ദ്രൻ<br>ശ്രീ. കെ. ബാബു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയുടെ ആധുനികീകരണത്തിന്റെ ഭാഗമായി കുറ്റവാളികളെ തിരിച്ചറിയാനും ട്രാഫിക് നിയമലംഘനം സ്വയം കണ്ടെത്താനും കഴിയുന്ന ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഇന്റഗ്രേറ്റഡ് കമാൻഡ് ആന്റ് കൺട്രോൾ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. |
| ബി) സി-ഡാക് മാതൃകയിൽ സൊസൈറ്റി രൂപീകരിച്ച് സൈബർ കുറ്റാന്വേഷണം, നവമാധ്യമങ്ങൾ വഴിയുള്ള മറ്റു ഭീഷണി മുതലായവ ഫലപ്രദമായി നേരിടാൻ പരിപാടിയുണ്ടോ; ഭീകരവാദത്തിലേക്ക് ആകൃഷ്ടരാകുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മടക്കിക്കൊണ്ടുവരാൻ പദ്ധതിയുണ്ടോ; | ബി) ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| സി) കടകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലെ മോഷണം തടയാനുദ്ദേശിച്ച് കൊണ്ടുള്ള സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) 07.01.2019 തീയതിയിലെ സ.ഉ. (കൈ) നം. 3/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) എന്ന പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 04.10.2019 മുതൽ പോലീസ് ആസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടിയുള്ള നിരീക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.<br>ഈ ഉത്തരവ് അനുസരിച്ച് CIMS പദ്ധതിയുടെ കൺട്രോൾ റൂമിനു വേണ്ട സ്ഥല സൗകര്യങ്ങൾ പോലീസ് വകുപ്പ് നൽകുന്നതാണ്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ